# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.665** **29.05.2019-ൽ മറുപടിക്ക്**

## കള്ളിക്കാട് പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം

| | ചോദ്യം<br>ശ്രീ സി.കെ. ഹരീന്ദ്രൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പാറശാല മണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ അനിയന്ത്രിതമായി വൈദ്യുതി മുടങ്ങുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ; | (എ) & (ബി) | കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങൾ, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിലാണ് വരുന്നത്. ഈ പ്രദേശങ്ങളിൽ വൈദ്യുതി എത്തുന്നത് ഏകദേശം 15 കി.മീ. അകലെയുള്ള കാട്ടാക്കട 110 kV സബ്സ്റ്റേഷനിൽ നിന്നുള്ള ഡാം ഫീഡർ വഴിയാണ്. കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും വൃക്ഷങ്ങൾ തിങ്ങി നിറഞ്ഞ മലയോര പ്രദേശമായതിനാൽ ശക്തമായ കാറ്റിലും മഴയിലും മരങ്ങൾ ലൈനിൽ വീണ് വൈദ്യുതി തടസ്സം ഉണ്ടാകാറുണ്ട്. കാട്ടാക്കട പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിന് കീഴിൽ 2019-20 വർഷത്തെ പദ്ധതിയിൽ കാട്ടാക്കട സബ്സ്റ്റേഷൻ മുതൽ ഒറ്റശേഖരമംഗലം സെക്ഷൻ പരിധി വരെ ഭൂഗർഭ കേബിൾ ഇട്ട് ഒരു പുതിയ ഫീഡർ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. ഇത് യാഥാർത്ഥ്യമാകുന്നതോടെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ വൈദ്യുതി മുടങ്ങുന്ന പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരമാകും. |
| (ബി) | കള്ളിക്കാട് പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ